(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്വകാര്യ കോളേജുകളിലെ നിയമന നിരോധനം

3 (*270) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ കോളേജുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയത് എന്ന് മുതലാണ് ;

(ബി) എന്തടിസ്ഥാനത്തിലാണ് സ്വകാര്യ കോളേജുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയത് ;

(സി) പ്രസ്തുത നിരോധനം എപ്പോൾ പിൻവലിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) 24-4-1997 മുതൽ.

(ബി) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീ-ഡിഗ്രി കോഴ്സ് വേർപ്പെടുത്തിയതിനെത്തുടർന്ന് നിലവിലുള്ള നിരവധി അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ അധികമായി വന്നതിനാലാണ് നിയമന നിരോധനം ഏർപ്പെടുത്തിയത്.

(സി) പ്രീ-ഡിഗ്രി വേർപ്പെടുത്തിയതിനെത്തുടർന്ന് അധികമായി വന്ന അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ പുനരധിവാസ നടപടികൾ നടന്നുവരുന്നു. പുനരധിവാസ പ്രക്രിയ പൂർത്തിയാക്കുന്ന മുറയ്ക്ക് നിയമന നിരോധനം പിൻവലിക്കുന്നതാണ്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡ്

4 (*271) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടി മാത്രമായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ കാര്യക്ഷമതയ്ക്ക് ശരിയായ നടത്തിപ്പിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഇത്തരം ഒരു ബോർഡ് രൂപീകരിക്കുന്നത് അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ബോർഡ് എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഹയർ സെക്കണ്ടറി പരീക്ഷാ നടത്തിപ്പിനായി "ബോർഡ് ഓഫ് ഹയർ സെക്കണ്ടറി എക്സാമിനേഷൻ ഗവൺമെന്റ് ഓഫ് കേരള" ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി&ഡി) ഇത്തരം ഒരു നിർദ്ദേശം പരിഗണനയിൽ വന്നിട്ടില്ല.

ഗൾഫ് പര്യടനത്തിൽ ലഭിച്ച നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടി

5 (*272) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഏപ്രിൽ മാസത്തിൽ പാർലമെന്ററി കാര്യവകുപ്പുമന്ത്രി നടത്തിയ ഗൾഫ് രാജ്യങ്ങളിലെ പര്യടന വേളയിൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിരുന്നു ;

(ബി) ഈ നിവേദനങ്ങളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ&ബി) പ്രവാസി മലയാളികളിൽ നിന്നും, ഗൾഫിലെ പല പ്രവാസി സംഘടനകളിൽ നിന്നും, വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. നാട്ടിലെ ബന്ധുജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, നാട്ടിലെ ബന്ധുജനങ്ങൾക്കും, അവരുടെ സ്ഥാവര ജംഗമ വസ്തുക്കൾക്കും സംരക്ഷണം നൽകുക, വൈദ്യുതി കണക്ഷനും, ടെലഫോൺ

LIBRARY ARCHIVES Kerala Legislative Assembly